**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2662** **27-02-2023 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ പട്ടയഭൂമിയുടെ ക്രയവിക്രയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിയോട് ചേർന്ന സ്വകാര്യ പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (എ) | വനാതിർത്തിയോട് ചേർന്ന സ്വകാര പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ഒഴിവാക്ക് രജിസ്ട്രേഷൻ വകുപ്പ് ഉത്തരവ പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം പരിഗണനയിലില്ല.<br><br>വനാതിർത്തിയോട് ചേർന്നു കിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾക്ക് വനം വകുപ്പിൽ നിന്നും എൻ.ഒ.സി നൽകിയതിനു ശേഷം മാത്രമേ വില്ലേജ് ഓഫീസർമാർ കൈവശ സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണമെന്ന വനം വന്യജീവി (എ) വകുപ്പ് രജിസ്ട്രേഷൻ വകുപ്പിനെ അറിയിച്ചിട്ടുള്ളതും ഇതിന്റെ അടിസ്ഥാനത്തിൽ വി.ഇ4/2970/2009 നമ്പർ തീയതി 27.07.2010 ആയുള്ള സർക്കുലർ നമ്പർ 10/2010 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ കൂടാതെ സർക്കാർ കത്ത് നമ്പർ എ1/17/2017/വനം തീയതി 24.03.2017 പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ ഫോഴ്സ് 21.10.2017 ൽ 9/2017 നമ്പർ സർക്കുലറിലൂടെ മാർഗ്ഗനിർദ്ദേശങ്ങളു പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള നിരാക്ഷേപ പത്രം ഒഴിവാക്കുന്നത് വനം വന്യജീവി സംരക്ഷണത്തിനെ ഹാനികരമായി ബാധിക്കുന്നതിനാൽ പരിഗണനയിൽ ഇല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ